**പതിനാലാം കേരളനിയമസഭ**
**പത്താം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 127 | 26.02.2018-ൽ മറുപടിക്ക് |
|---|---|

**തൊഴിലിടങ്ങളിൽ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ**

| | ചോദ്യം<br>ശ്രീ. കെ.എസ്. ശബരീനാഥൻ | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സ്ത്രീകൾക്കെതിരായ ആക്രമവും, പീഡനങ്ങളും വർദ്ധിച്ചുവരുന്നത് ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട കേസ്സുകളുടെ എണ്ണത്തിൽ സ്ഥിരമായ വർദ്ധനവ് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങളും പീഢനങ്ങളും ഗൗരവമായി കണക്കാക്കുന്നുണ്ട്. |
| (ബി) | സർക്കാർ ഓഫീസുകൾ അടക്കമുള്ള തൊഴിലിടങ്ങളിൽ ഉണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിന് രൂപീകരിച്ചിട്ടുള്ള സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (ബി)യും (സി)യും | സംസ്ഥാനത്ത് ഇത്തരം സ്ഥലങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ പരിശോധിച്ച് വിശദമായി അന്വേഷണം നടത്തി പരാതികൾ പരിഹരിക്കുകയും മറ്റു നിയമനടപടികൾ ആവശ്യമെങ്കിൽ ആയത് സ്വീകരിച്ചും വരുന്നുണ്ട്. പരാതികൾ സമയബന്ധിതമായി അന്വേഷിച്ച് പരിഹാരം കാണുന്നതിന് പ്രസ്തുത സമിതികൾ ശ്രദ്ധ്ഷാന്തി കാണിക്കുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പരാതികൾ സമയബന്ധിതമായി അന്വേഷിച്ച് പരിഹാരം കാണുന്നതിന് പ്രസ്തുത സമിതികൾ ശ്രദ്ധ്ഷാന്തി കാണിക്കുന്നില്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | | |
| (ഡി) | പ്രസ്തുത സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പീഡിപ്പിക്കപ്പെട്ടവർക്ക് നീതി ലഭിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകാമോ? | (ഡി) | സമിതികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് കൃത്യമായ ഇടവേളകളിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർ സ്ഥാപനങ്ങളിൽ എത്തി വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും പീഡിപ്പിക്കപ്പെട്ടവർക്ക് കേസ്സിന്റെ പ്രോസിക്യൂഷന് വേണ്ട എല്ലാ സഹായവും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ